# കണ്ണു തുറന്ന് കാണേണ്ട കാര്യങ്ങൾ

## കേരം മറയും കേരള നാട്ടിൽ 4

വി. ജയകുമാർ

തെങ്ങുകൃഷി ആദായകരമാണെങ്കിൽ മാത്രമേ കൃഷിക്കാർ ഈ മേഖലയിൽ നിൽക്കൂ. ആദായകരമാകണമെങ്കിലോ, അതിന് കടമ്പകൾ പലതും കടക്കേണ്ടിയും വരും. കേരളത്തിലെ കുറഞ്ഞ ഉല്പാദനക്ഷമതയ്ക്കു പ്രധാനകാരണം പ്രായംകൂടിയതും കായ്ഫലം കുറഞ്ഞതുമായ തെങ്ങുകളുടെ ആധിക്യമാണ്.

കർഷകരാണെങ്കിൽ അസംഘടിതർ. വലിയ കൃഷിയിടങ്ങൾ നാമമാത്രവും. അശാസ്ത്രീയമായ കൃഷിരീതി, തൊഴിലാളികളുടെ ലഭ്യതക്കുറവ്, വിലയിൽ അടിക്കടിയുണ്ടാവുന്ന വ്യതിയാനങ്ങൾ, രോഗ, കീടബാധകൾ മൂലമുണ്ടാകുന്ന നഷ്ടം ഇവയെല്ലാം കൂടിയാകുമ്പോൾ കാര്യം ആലോചിക്കാവുന്നതേയുള്ളൂ. ഇവയ്ക്കു പുറമേയാണ് ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും കാലാവസ്ഥയിലെ വ്യതിയാനങ്ങളും. ഉല്പാദനക്ഷമത എങ്ങനെ വർദ്ധിക്കാൻ?

ഉല്പാദനക്ഷമതയുള്ള തെങ്ങുകൾ നിലനിറുത്തുകയും നല്ലയിനങ്ങൾ നട്ടുപിടിപ്പിക്കുകയും ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുകയും ചെയ്താൽ ഇതിനു ഒരളവുവരെ പരിഹാരമാകും. എന്നാൽ ഇതിന് സർക്കാരിന്റെ ഉദാരമായ സമീപനമുണ്ടാകണം. രോഗകീടബാധയ്ക്ക് പ്രതിരോധമാർഗങ്ങൾ അവലംബിക്കുകയും ഉല്പാദനോപാധികൾ കൃത്യമായ അളവിൽ യഥാസമയം നൽകുകയും വേണം. കാർഷികജോലികൾ കൂട്ടായി ചെയ്യാൻ കർഷകരെ പ്രോത്സാഹിപ്പിക്കണം. ഇതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

കർഷക കൂട്ടായ്മയിലൂടെ നളികേരോത്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്രകേര വികസനപരിപാടി 2005ൽ ആരംഭിച്ചതാണ്. അടുത്തടുത്തായി സ്ഥിതിചെയ്യുന്ന 25 മുതൽ 50 ഹെക്ടർവരെയുള്ള തെങ്ങിൻ തോട്ടങ്ങളിൽ പദ്ധതി നടപ്പാക്കി ജൈവവള യൂണിറ്റിന് ചെലവിന്റെ അമ്പതു ശതമാനംവരെ സഹായവും നൽകിയിരുന്നു.

നാളികേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഇരുപതുവർഷംമുമ്പ് കൊച്ചി ആസ്ഥാനമായി കേന്ദ്രഗവൺമെന്റ് സ്ഥാപിച്ച നാളികേരവികസനബോർഡ് കേരകൃഷിയുടെയും വ്യവസായത്തിന്റെയും വികസനത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തുന്നതിന് ഏഴ് സംസ്ഥാനങ്ങളിൽ വിത്തുല്പാദന തോട്ടങ്ങൾ തുടങ്ങാൻ ബോർഡിന് കഴിഞ്ഞു. സ്വകാര്യമേഖലയിൽ നഴ്സറി സ്ഥാപിക്കുന്നതിനും ബോർഡ് സാമ്പത്തിക സഹായം നൽകുന്നു. പുതുകൃഷിക്ക് ധനസഹായം നൽകുന്നുണ്ട്.

നാളികേര സംസ്കരണത്തിനുള്ള സാങ്കേതികവിദ്യകൾ, നാളികേര ഭക്ഷ്യോത്പന്നങ്ങൾക്ക് പ്രോത്സാഹനം തുടങ്ങി ബോർഡ് ആവിഷ്ക്കരിച്ച പല പദ്ധതികളും വിജയം കണ്ടുതുടങ്ങിയിട്ടുണ്ട്. 2275 കോടി രൂപ ചെലവഴിച്ചുള്ള തെങ്ങുകൃഷി പുനരുദ്ധാരണ പരിപാടിയാണ് ഇതിൽ പ്രധാനം. 474.5 കോടി രൂപ ഈ പദ്ധതിയിൽ കേരളത്തിന്റെ സബ്സിഡി വിഹിതമാണ്. നാളികേര വികസനബോർഡും സംസ്ഥാനകൃഷിവകുപ്പും സംയുക്തമായി തിരുവനന്തപുരം, കൊല്ലം, തൃശൂർ ജില്ലകളിൽ പൈലറ്റ് പദ്ധതിയായി നടപ്പാക്കുന്നു.

വെട്ടിമാറ്റുന്നതിന് പകരം തെങ്ങിൻതൈ വെച്ചുപിടിപ്പിക്കാൻ ഒരു തൈയ്ക്ക് ഇരുപതുരൂപ നൽകും. രണ്ടുവർഷത്തേയ്ക്ക് ഹെക്ടറിന് 15000 രൂപ നൽകുന്നു. കായ്ക്കുന്ന പത്ത് തെങ്ങുകൾ ഒരു പ്ലോട്ടിൽ ഉണ്ടെങ്കിൽ കോക്കനട്ട് പാം ഇൻഷ്വറൻസ് പദ്ധതിയിൽ വരും. ഇതിൽ 25 ശതമാനം പ്രീമിയം മാത്രം കർഷകർ വഹിച്ചാൽ മതി.

തെങ്ങിൻതടി സംസ്കരണത്തിനും പദ്ധതിയുണ്ട്. നാളികേര ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകാൻ ബോർഡിനെ എക്സ്പോർട്ട് പ്രമോഷൻ കൗൺസിലായും നിയമിച്ചിട്ടുണ്ട്.

ബോർഡിന്റെ പുതിയ പദ്ധതിയാണ് നാളികേരം ഉല്പാദകസംഘം. കായ്ഫലമുള്ള പത്തുതെങ്ങ് എങ്കിലും ഉള്ള കർഷകരെ ഉൾപ്പെടുത്തി ഒരു പ്രദേശത്തെ 40 മുതൽ 100വരെ കർഷകർ ചേർന്ന് രൂപീകരിക്കുന്ന കൂട്ടായ്മയാണ് ഉല്പാദകസംഘം. ഇത് കേരളം മുഴുവൻ വ്യാപിച്ചാൽ വലിയമാറ്റം ഉണ്ടാകുമെന്ന പ്രതീക്ഷയാണ് ബോർഡിനുള്ളത്.

തേങ്ങയിടാൻ ആളെ കിട്ടാത്തത് നാളികേര കർഷകർ നേരിടുന്ന വലിയ പ്രശ്നമാണ്. ഇത് പരിഹരിക്കാൻ ബോർഡ് തുടങ്ങിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം വിജയകരമായ ചുവടുവെപ്പിലുമാണ്.

എങ്കിലും കേന്ദ്ര, സംസ്ഥാനങ്ങളുടെ ഭാഗത്തുനിന്ന് കർഷകർ ഇനിയും പലതും പ്രതീക്ഷിക്കുന്നുണ്ട്. നിലവിലുള്ള പദ്ധതികൾക്ക് വ്യാപകമായ സ്വാധീനം ചെലുത്താനായിട്ടില്ല. വിലയുടെ കാര്യത്തിൽ ഉറപ്പുനൽകാൻ സാധിച്ചാൽ കർഷകന് നെഞ്ചുറപ്പിച്ച് ഈ രംഗത്ത് പിടിച്ചുനിൽക്കാനാവും.

(അവസാനിച്ചു)

## കർഷക രക്ഷയ്ക്ക് ബോർഡ് പ്രതിജ്ഞാബദ്ധം

ഉല്പാദനക്ഷമതയിൽ ഒമ്പതാം സ്ഥാനത്തുള്ള കേരളത്തെ 12-ാം പഞ്ചവത്സരപദ്ധതിയിൽ മൂന്നാംസ്ഥാനത്തെത്തിക്കാൻ നാളികേര വികസനബോർഡ് തീവ്രശ്രമം നടത്തുകയാണെന്ന് ചെയർമാൻ ടി.കെ. ജോസ് അറിയിച്ചു.



ടി.കെ.ജോസ്

ഉല്പാദനക്ഷമതയും രോഗപ്രതിരോധശക്തിയും കൂടിയ ഇനം തൈകൾ വേണം. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിക്കളയുമ്പോൾ പകരം നല്ല ഇനം തൈകൾ നൽകണം. വീട്ടമ്മമാർക്ക് നിലത്തുനിന്ന് തേങ്ങപറിക്കാൻ കഴിഞ്ഞാൽ മാത്രം പോരാ, ചട്ടിയിൽ തെങ്ങുവളർത്താനാകണം. ജീനോ ടെക്നോളജിയുടെ വികസനത്തോടെ ഇത് യാഥാർത്ഥ്യമാകുമെന്ന് ജോസ് പ്രതീക്ഷിക്കുന്നു.

തേങ്ങ പറിക്കാൻ ആളെ കിട്ടാത്ത ദുരവസ്ഥ പരിഹരിക്കാൻ ബോർഡ് ചങ്ങാതിക്കൂട്ടം പദ്ധതി തുടങ്ങിയത് അദ്ദേഹം അനുസ്മരിച്ചു. യന്ത്രമുപയോഗിച്ച് തെങ്ങുകയറാൻ സന്നദ്ധരായ യുവതീയുവാക്കളെ പരിശീലിപ്പിക്കുന്ന ഈ പദ്ധതിയിൽ 1528 പേർക്ക് ഇതിനകം പരിശീലനം നൽകി. 5000 യുവതീയുവാക്കൾക്ക് പരിശീലനമാണ് ലക്ഷ്യം. ഒരു ദിവസം 750 മുതൽ 1200 രൂപ വരെ വരുമാനം ലഭിക്കും.

പരിശീലനം പൂർത്തിയാക്കിയവരെ നാളികേരോല്പാദകസംഘങ്ങളുമായും ത്രിതല പഞ്ചായത്തുസ്ഥാപനങ്ങളുമായും പ്രാഥമിക സംഘങ്ങളുമായും ബന്ധപ്പെടുത്തും. നാല്പതടി ഉയരംവരെയുള്ള തെങ്ങിന് പത്തുരൂപയും അതിനുമുകളിലുള്ളവയ്ക്ക് പതിനഞ്ചുരൂപയുമാണ് നിരക്ക്. നഗരങ്ങളിൽ ഇത് യഥാക്രമം പതിനഞ്ച്, ഇരുപത് രൂപ നിരക്കാകും.

വൈവിധ്യവൽക്കരണത്തിന് വേണ്ടിയുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കാൻ തുടങ്ങിയ നാളികേര ടെക്നോളജി മിഷൻ ഏറെ പ്രതീക്ഷ നൽകുന്നു. സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ചെലവിന്റെ ഇരുപത്തഞ്ചു ശതമാനം നിരക്കിൽ 50 ലക്ഷം രൂപവരെ ധനസഹായം നൽകും- ജോസ് പറഞ്ഞു.